**Kudumbashree**
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

*7881-F -2017-KSHO* *08..03..2018*

പ്രേഷകൻ

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

ഗ്രാഹകൻ

1. സെക്രട്ടറി
   തിരുവനന്തപുരം/ കൊടുങ്ങല്ലൂർ /മലപ്പുറം നഗരസഭ

2. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
   തിരുവനന്തപുരം/ ~~കൊടുങ്ങല്ലൂർ~~ എറണാകുളം /മലപ്പുറം ജില്ല

സർ,

വിഷയം: സംസ്ഥാന കുടുംബശ്രീ മിഷൻ – കേന്ദ്ര പാർപ്പിട നഗര വികസന മന്ത്രാലയത്തിന്റെ സ്വച്ഛ്ദ എക്സലൻസ് അവാർഡ് ലഭ്യമായ വിവരം അറിയിക്കുന്നത് – സംബന്ധിച്ച്.

സൂചന: 08/03/2018-ലെ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ No.K-13011(11)/3/2017-UPA-I (EFS-31144524) നമ്പർ കത്ത്.

കേന്ദ്ര പാർപ്പിട നഗര വികസന മന്ത്രാലയത്തിന്റെ കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള സ്വച്ഛ്ദ എക്സലൻസ് അവാർഡിന് കേരളത്തിൽ നിന്നും ലഭിച്ച 200-ൽപരം അപേക്ഷകളിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംസ്ഥാന കമ്മിറ്റി ശുപാർശ ചെയ്ത 21 അപേക്ഷകളിൽ നിന്നും കേന്ദ്ര പാർപ്പിട നഗര കാര്യ മന്ത്രാലയം നിയോഗിച്ച കേന്ദ്ര കമ്മിറ്റി താഴെപറയുന്ന എഡിഎസ്സുകളെ തെരഞ്ഞെടുത്ത വിവരം സസന്തോഷം അറിയിക്കുന്നു.

| ക്രമ നം. | നഗരസഭ | എഡിഎസ് |
|---|---|---|
| 1. | തിരുവനന്തപുരം | കഴക്കൂട്ടം |
| 2. | | കാലടി |
| 3. | | കുളത്തൂർ |
| 4. | | പുന്നയ്ക്കാമുകൾ |

TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org

| | | |
|---|---|---|
| 5. | കൊടുങ്ങല്ലൂർ | ചാപ്പാറ |
| 6. | മലപ്പുറം | താമരക്കുഴി |
| 7. | | മൂന്നാംപടി |

2018 മാർച്ച് 23-ന് ന്യഡൽഹയിലെ ചാണക്യപുരിയിലെ പ്രവാസി ഭാരതീയ കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് അവാർഡ് വിതരണം ചെയ്യുന്നതാണ്. അവർഡിന് അർഹമായ മേൽപറഞ്ഞ എഡിഎസ്സുകളിൽ നിന്നും 2 പേർ വീതം (ചെയർപേഴ്സൺ, സെക്രട്ടറി) പങ്കെടുക്കേണ്ടതാണ്. കൂടാതെ തിരുവനന്തപുരം നഗരസഭയിൽ നിന്നും ശ്രീ. ശ്രീജിത്.എസ്.കെ, കൊടുങ്ങല്ലൂർ നഗരസഭയിൽ നിന്ന് ശ്രീമതി മിനി, മലപ്പുറത്ത് നിന്നും ശ്രീ സുനിൽ (സിറ്റി മിഷൻ മാനേജർമാർ) എന്നിവർ പങ്കെടുക്കേണ്ടതാണ്. എഡിഎസ് പ്രതിനിധികൾക്കും, സിറ്റി മിഷൻ മാനേജർമാർക്കും യാത്ര ചെയ്യുന്നതിന് തേഡ് എ.സി ട്രെയിൻ ചാർജ്ജും, രണ്ട് ദിവസം ഡൽഹിയിൽ താമസിക്കുന്നതിന് ആളൊന്നിന് പരമാവധി ഒരു ദിവസം 1250/- രൂപയും, യാത്ര ദിവസങ്ങളിലും ഡൽഹിയിൽ താമസിക്കുന്ന ദിവസങ്ങളിലും ദിവസം ഒന്നിന് പരമാവധി ഒരാൾക്ക് 500/- രൂപ നിരക്കിൽ ഡി.എയെയും അനുവദിക്കാവുന്നതാണ്. എഡിഎസ് പ്രതിനിധികൾക്ക് പ്രസ്തുത തുക സിഡിഎസ്സിൽ നിന്നും മുൻകൂറായി കൈപ്പറ്റി ചെലവഴിച്ച ശേഷം സംസ്ഥാന മിഷനിലേയ്ക്ക് ക്ലെയും അയയ്ക്കാവുന്നതാണ്. സിറ്റി മിഷൻ മാനേജർമാർക്ക് നിലവലിലുള്ള വ്യവസ്ഥകൾ പ്രകാരം സംസ്ഥാന മിഷനിലേയ്ക്ക് ക്ലെയും അയയ്ക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

പ്രോഗ്രാം ഓഫീസർ (അർബൻ)
എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി
കുടുംബശ്രീ

പകർപ്പ്

1. ബന്ധപ്പെട്ട സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
2. ബന്ധപ്പെട്ട എഡിഎസ് ചെയർപേഴ്സൺ/ സെക്രട്ടറിമാർക്കും (ജില്ലാ മിഷൻ മുഖേന)
3. ബന്ധപ്പെട്ട സിറ്റി മിഷൻ മാനേജർമാർക്ക്